വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ സ്റ്റോക്കുള്ള പൈപ്പുകൾ

440 [477] ശ്രീ. വി.കെ. രാജൻ:
,, കെ.പി. പ്രഭാകരൻ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, കെ.വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി വാങ്ങിയ വിവിധ ഇനത്തിൽപ്പെട്ട പൈപ്പുകൾ എത്ര രൂപയുടേത് സ്റ്റോക്കുണ്ട്;

(ബി) അവ എവിടെയെല്ലാം സ്റ്റോക്ക് ചെയ്തിരിക്കുന്നു;

(സി) ഓരോ സ്ഥലത്തും സ്റ്റോക്ക് ചെയ്തിരിക്കുന്ന ഓരോ ഇനത്തിലുംപെട്ട പൈപ്പുകൾ എത്ര വീതം?

ഉത്തരം

(എ) ഉദ്ദേശം 4.25 കോടി രൂപയുടെ

(ബി) വിവിധ ഡിവിഷൻ സ്റ്റോറുകളിലും സെക്ഷൻ സ്റ്റോറുകളിലും പണി സ്ഥലങ്ങളിലും സ്റ്റോക്ക് ചെയ്തിരിക്കുന്നു.

(സി) വിവരം ശേഖരിച്ച് വരുന്നു.

കുഴൽക്കിണറുകൾ കുഴിക്കുന്നതിനു യന്ത്രസാമഗ്രികൾ

441 [478] ശ്രീ. പി.കെ.കെ. ബാവ:
,, നാലകത്ത് സൂപ്പി:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, പി.കെ. കുഞ്ഞാലിക്കുട്ടി:
,, കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂഗർഭ ജല ഡിപ്പാർട്ടുമെൻറിന് എത്തെല്ലാം ജില്ലകളിൽ ചെറുകിട കർഷകന് ആവശ്യമായ ചെറിയ തരം കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള യന്ത്രങ്ങൾ ഉണ്ട്;

(ബി) ഇവ ഇല്ലാത്ത ജില്ലാ ആഫീസുകളിൽ അവ എത്തിക്കാനുള്ള സത്വര നടപടി ഗവൺമെൻറു സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly